



സുഹൈലി തിരുവിഴാംകുന്ന്

zuhairalik@gmail.com


**പുതിയ കാലത്ത് കൗൺസലിംഗുകളും പാരന്റിംഗും ഒരു അത്യാവശ്യ ഘടകമായി മാറിയിരിക്കുന്നു. വ്യക്തിത്വ വികാസത്തിനുപകരിക്കുന്ന ക്ലാസ്സുകൾക്കും പുസ്തകങ്ങൾക്കും ഇന്ന് മാർക്കറ്റേറെയാണ്.**

# ഇ-മാരിറ്റൽ കൗൺസലിംഗ്

പുതിയ കാലത്ത് കൗൺസലിംഗുകളും പാരന്റിംഗും ഒരു അത്യാവശ്യ ഘടകമായി മാറിയിരിക്കുന്നു. വ്യക്തിത്വ വികാസത്തിനുപകരിക്കുന്ന ക്ലാസ്സുകൾക്കും പുസ്തകങ്ങൾക്കും ഇന്ന് മാർക്കറ്റേറെയാണ്. ഇത്തരം വിഷയങ്ങളിൽ ഇസ്‌ലാമികാടിസ്ഥാനത്തിലുള്ള അന്വേഷണങ്ങളും പഠനങ്ങളും ആധുനികമായ നിരീക്ഷണങ്ങളോട് പൂർണമായും യോജിക്കുന്നവയാണ്. അതു കൊണ്ട് തന്നെ പ്രാമാണികമായി ഇത്തരം മേഖലകളെ സ്പർശിച്ചു കൊണ്ടുള്ള പുസ്തകങ്ങൾക്കും വായനക്കാരേറെയാണ്. ഹിശാമുത്വാലിബിന്റെ *പരിശീലന സഹായി, ദുഃഖിക്കരുത് അല്ലാഹു നമ്മോടൊപ്പമുണ്ട്, ജീവിതം ആസ്വദിക്കുക* എന്നിവ മലയാളത്തിൽ കാര്യമായി ശ്രദ്ധിക്കപ്പെട്ട ഗ്രന്ഥങ്ങളാണ്. ഇസ്‌ലാമിക വെബ്സൈറ്റുകളിലും പാരന്റിംഗിനും കൗൺസലിംഗിനുമായി പ്രത്യേകം വിഭാഗങ്ങൾ കാണാം. ഈയിടെ തുടങ്ങിയ മലയാളം വെബ്സൈറ്റാണ് തേൻനിലാവ് (thennilavu.com). വിവാഹം, കുടുംബം, ലൈംഗികം, ആരോഗ്യം, വിവാഹമോചനം, ബഹുഭാര്യാത്വം, നീതിന്യായം എന്നിങ്ങനെ വ്യത്യസ്ത കാറ്റഗറികളിലായി അനേകം ലേഖനങ്ങളും പഠനങ്ങളും സൈറ്റിൽ കാണാം. ഈ വിഷയകമായിട്ടുള്ള സംശയങ്ങളും മറുപടികളും സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.




islamonlive.in ലെ ലൈഫ് എന്ന വിഭാഗത്തിലേക്ക് കടന്നാൽ ഈ മേഖലകളിൽ ശ്രദ്ധേയമായ എഴുത്തുകാരുടെ ലേഖനങ്ങൾ കാണാനാവും. ഫാമിലി, പാരന്റിംഗ്, യൂത്ത്, കൗൺസലിംഗ് എന്നിങ്ങനെ ഇനം തിരിച്ചാണ് ഇതിൽ ലേഖനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഡോ. യൂസുഫുൽ ഖറദാവി, ഡോ. ആമിർ ഹൗശാൻ, ഡോ. അലി ഉമർ ബാദ്ഹദഹ്, ഡോ. ജാസിമുൽ മുത്വവ്വ, ഇ.കെ.എം പന്നൂർ, ശൈഖ് മുഹമ്മദ് കാരകുന്ന്, ഡോ. റാഗിബുസ്സർജാനി, ഇബ്റാഹീം ബിൻ മുഹമ്മദ് ഹഖീൽ, ഡോ. സലാഹ് സുൽത്താൻ, ഡോ. സമീർ യൂനുസ്, മുഹമ്മദുൽ ഗസ്സാലി, സുമയ്യ സആദ, യിവോൺ റിഡ്‌ലി തുടങ്ങി അനേകം എഴുത്തുകാരുടെ ലേഖനങ്ങളാണുള്ളത്. ഡോ. മുഹമ്മദ് ഇമാറയുടെ 'സ്ത്രീ വിമോചനത്തിന്റെ ഇസ്‌ലാമിക മാതൃക' എന്ന പരമ്പരയും ഇതിലുണ്ട്. ഈ മേഖലകളിൽ മാത്രമായി 200-ലധികം ലേഖനങ്ങളാണ് നിലവിലുള്ളത്.

'ഇസ്‌ലാം പാഠശാലയിൽ' ഫാമിലി എന്ന സെക്ഷനിൽ എൻഗേജ്മെന്റ്, മാര്യേജ്, ഫെർട്ടിലിറ്റി, മോം ആന്റ് ഡാഡ്, യൂത്ത്, വിമൺ എന്നിങ്ങനെയാണ് വിഷയങ്ങൾ തിരിച്ചിരിക്കുന്നത്. അദീലഃ മൻസൂർ, ഡോ. നാജമഃ ഹാശിമി, ഡോ. മുസ്ത്വഫാ മഹ്മൂദ്, ദിയാന നാസർ തുടങ്ങിയവരുടെ പെണ്ണെഴുത്തുകളും ശ്രദ്ധേയമാണ്. നൂറിൽ പരം ലേഖനങ്ങൾ ഈ വിഷയത്തിൽ കാണാം. ദാമ്പത്യമേഖലയുമായി ബന്ധപ്പെട്ട പ്രത്യേക ചോദ്യോത്തര സെഷനും സൈറ്റിലുണ്ട്. islampadasala.com/women എന്ന വിഭാഗം സ്ത്രീകൾക്കായി മാത്രമുള്ളതാണ്. islampadasala, islamonlive എന്നിവ ആൻഡ്രോയ്ഡ് ആപ്ലിക്കേഷൻ പുറത്തിറക്കിയിട്ടുണ്ട്. ഈ പേരുകൾ പ്ലേ സ്റ്റോറിൽ സെർച്ച് ചെയ്ത് ഇൻസ്റ്റാൾ ചെയ്താൽ ഓഫ്‌ലൈനായി ലേഖനങ്ങൾ വായിക്കാനുള്ള സൗകര്യവും ആപ്പിലുണ്ട്. pachamanga (മലയാളം), my pregnancy today (ഇംഗ്ലീഷ്) എന്നീ പ്ലേസ്റ്റോറിലെ ആപ്ലിക്കേഷനുകൾ സ്ത്രീകൾ ഗർഭകാലത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങളുൾക്കൊള്ളുന്നവയാണ്. sthreeonline.net ഇസ്‌ലാം - സ്ത്രീ വിഷയകമായ ഒരു പ്രബോധക സൈറ്റാണ്. സ്ത്രീകളുമായി ബന്ധപ്പെട്ട വിമർശനങ്ങൾക്കുള്ള മറുപടികളും ഇതിലുണ്ട്.


Vol. No: 71 Issue No. 02 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla